ആ കുളങ്ങളെങ്കിലും അവിടത്തെ കൃഷിക്കാർക്ക് വെള്ളം വിട്ടുകൊടുക്കുവാൻവേണ്ടി മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ജി. പി. മംഗലത്തുമഠം: ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്ന സന്ദർഭത്തിൽ ഏതാണ്ട് ഏക്കർ ഒന്നിന് 2500 രൂപ വരത്തക്കനിലയിൽ ആയക്കെട്ട് വർദ്ധിപ്പിക്കുന്നതിലേക്ക് വേണ്ടി വസ്തു ഉടമസ്ഥരറിയാതെ തന്നെ ഡിപ്പാർട്ടുമെന്റും പഞ്ചായത്തും ചേർന്ന് പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 1958 മുതലുള്ള കരക്കുടിശിക കൊടുക്കുവാൻ വേണ്ട നടപടിനടത്തിവരികയാണ്. ഉടമസ്ഥരറിയാതെ നടത്തിയ ഈ പദ്ധതിയുടെ പേരിലുള്ള കരക്കുടിശിക ഈടാക്കൽ നടപടി നിർത്തിവയ്ക്കുവാനോ അല്ലെങ്കിൽ അവർക്ക് എന്തെങ്കിലും സംരക്ഷണം കൊടുക്കുവാനോ ഉള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് അറിയാതെയാണോ അറിഞ്ഞുകൊണ്ടാണോ നിയമരഹിതമായിട്ടാണോയെന്ന് പരിശോധിച്ചുപറയാം.

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേജസ്

*160 [173] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും–ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേജസ് നിശ്ചയിക്കുന്നതിന് നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ഗവൺമെന്റിനു ലഭിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ നിയമസഭാ സമ്മേളനക്കാലത്തുതന്നെ പ്രസ്തുത മിനിമം വേജസ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും–ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) 27–10–1977-ന്.

(ബി) 19–1–1979-ൽ സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം പുതുക്കുന്നതു സംബന്ധിച്ച പ്രാഥമികവിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് ഉപദേശിക്കുന്നതിനായി 25–4–1979-ൽ മിനിമം വേജസ് ഉപദേശകസമിതിക്ക് അയച്ചുകൊടുത്തു. മിനിമം വേജസ് ഉപദേശകസമിതിയുടെ ഉപദേശം ഇതുവരെ കിട്ടിയിട്ടില്ല.

(സി) മിനിമംവേജസ് എത്രയുംവേഗം നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകളും നിശ്ചയിക്കുന്നതിന് നിയമിച്ച കമ്മിറ്റി 22–10–1977-ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 1978-ലെ ബഡ്ജറ്റ് കാലത്ത് ഈ റിപ്പോർട്ട് നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു അനൗദ്യോഗികപ്രമേയം അവതരിപ്പിക്കുകയും അതിനെ എല്ലാവരും പിന്താങ്ങുകയും ചെയ്തു. അതിനു മറുപടി പറഞ്ഞ അന്നത്തെ തൊഴിൽ കാര്യവകുപ്പുമന്ത്രി പറഞ്ഞതു തൊഴിലുടമകളുടെ പ്രതിനിധികളും ഇല്ലാത്തതിനാൽ ഇത് നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും നോട്ടിഫൈ ചെയ്തതിനുശേഷം ഒബ്ജക്ഷൻ കാംഫാർ ചെയ്തിട്ട് നടപ്പിലാക്കാം എന്നായിരുന്നു. എന്നിട്ട് ഇത്രയും കാലതാമസമുണ്ടാകുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ഞാൻ ഇവിടെ വിശദീകരിച്ചു. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേജസ് കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള പ്രാഥമിക വിജ്ഞാപനം 19–1–1979-ലാണ് പുറപ്പെടുവിച്ചത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേക്ക് പറയുകയാണ് റിപ്പോർട്ട് സർക്കുലേറ്റ് ചെയ്തത് 27–10–1977-ലാണ്. റപ്രസന്റേഷൻ കാംഫാർ ചെയ്തിട്ട് അതിന്റെ ഒബ്ജക്ഷൻസ് വന്നുതീർന്നത് 30–11–1977 മുതൽ 28–12–1977 വരെയാണ്. 16–12–1977-ൽ ആണ് കമ്മീഷണർ അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചത്. ആദ്യമായി ലാ ഡിപ്പാർട്ടുമെന്റിലേക്ക് കൺസൾട്ടേഷനു പോയത് 29–4–1978-ലാണ്. ലാ ഡിപ്പാർട്ടുമെന്റിൽനിന്നും തിരിച്ചുകിട്ടിയത് 19–6–1978-ലാണ്. ലേബർ കമ്മീഷണർ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ സബ്മിറ്റ് ചെയ്തത് 28–6–1978-ലാണ്. Draft received from the Labour Commissioner's Office on 24th July 1978. 26–7–1978-ലാണ് മന്ത്രിക്ക് തിരിച്ചുകിട്ടിയത്. അതിനുശേഷമാണ് ഈ പറഞ്ഞ 1979 ഒന്നാം മാസത്തിൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ നടത്തിയത്. അത്രയും കാലതാമസം ഉണ്ടായിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: മുപ്പതിനായിരത്തിൽപ്പരം വരുന്ന ജീവനക്കാരെ ആ നിയമംകൊണ്ട് സംരക്ഷിക്കുന്നതിനുള്ള നടപടി എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. കെ. രാഘവൻ: മിനിമംവേജസ് അഡ്വൈസറി കമ്മിറ്റി അതിന്റെ റിപ്പോർട്ട് തന്നാൽ ഏറ്റവും ചുരുങ്ങിയത്, രണ്ടോ മൂന്നോ മാസത്തിനുള്ളിൽ അത് പൂർത്തിയാക്കി നിയമമാക്കുവാൻ സാധിക്കും.

ശ്രീ. കല്ലട നാരായണൻ: ഈ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ എന്തെങ്കിലും നിവേദനം ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത്തരം അഭ്യർത്ഥനകളും നിരാകരിക്കുവാൻവേണ്ടി നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് നിരാകരിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നത് കമ്മിറ്റി ആയിക്കൊള്ളട്ടേയെന്ന് വിചാരിച്ചാണ് കമ്മിറ്റിക്ക് കൊടുത്തത്. ബഹുജനപ്രതിനിധികളും ഉള്ള ഒരു കമ്മിറ്റി നിരാകരിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നത് കുറേക്കൂടി ഉചിതമായിരിക്കുമെന്ന് കരുതിയാണ് അവർക്ക് വിട്ടുകൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചടയൻ ഗോവിന്ദൻ: മിനിമംവേജസ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒരു വർഷം ആകാൻ പോവുകയാണ്. ചില നടപടി ക്രമത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുക യുണ്ടായി. ഒരുവർഷം കഴിഞ്ഞതിനുശേഷവും ഇനി എത്രവർഷം വേണ്ടി വരുമെന്നു ഉറപ്പ് പറയാൻകഴിയുകയില്ല. കാലതാമസം ഒഴിവാക്കുന്നതിനാ വശ്യമായ മാറ്റങ്ങൾ വരുത്താൻ വേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. എം. കെ. രാഘവൻ: സത്വരനടപടികൾ എടുക്കുന്നതിനുവേണ്ടി യുള്ള ശ്രമം ഈ വർഷമാണ് ആരംഭിച്ചത്. ഇനിയും കഴിയുന്നത്ര കാല താമസം ഒഴിവാക്കുവാൻവേണ്ടി മറ്റു റിപ്പോർട്ടുകൾ തരുന്നതിനേക്കാൾ പെട്ടെന്ന് ഈ റിപ്പോർട്ട് തരണമെന്ന് അഡ്വൈസറി കമ്മിറ്റിയോട് ആവ ശ്യപ്പെടാവുന്നതാണ്.

ശ്രീ. സി. എ. കുര്യൻ: മിനിമംവേജസ് നിശ്ചയിക്കുന്നതിന് ചില ഗൈഡ്ലൈൻ ഇൻഡ്യൻ ലേബർ കോൺഫറൻസിൽ അംഗീകരിച്ചിട്ടുണ്ട്. ആ ഗൈഡ്ലൈൻ അംഗീകരിച്ചുകൊണ്ടല്ല നമ്മുടെ സംസ്ഥാനത്തു മിനിമം വേജസ് നിശ്ചയിക്കുന്നതെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇന്ന് നിലവിലുള്ള ഗൈഡ്ലൈൻ കൂടുതൽ മെച്ചപ്പെടു ത്തുന്നതിനു നിർദ്ദേശം നൽകുമോ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഗൈഡ്ലൈൻ മറികടന്നാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് എനിക്ക് അഭിപ്രായമില്ല. മിനിമംവേജസ് ഫിക്സേഷൻെറ കാര്യത്തിൽ എല്ലാ നോംസും അനുസരിച്ചാണ് ചെയ്തിട്ടുള്ളത്. നോംസ് സ്വീകരിക്കാതെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ പരിഹാരമുണ്ടാക്കാം.

ശ്രീ. കെ. സി. വാമദേവൻ: മിനിമംവേജസ് നിശ്ചയിക്കുന്നതിനു അഡ്വൈസറി ബോർഡിൻെറ പരിഗണനക്ക് അയച്ചിട്ട് ഒമ്പതുമാസം കഴിഞ്ഞതിനുശേഷവും പരിഗണനക്ക് മറുപടി തരാത്തതു എന്തുകൊണ്ടാ ണെന്ന് അന്വേഷിച്ചിട്ടുണ്ടോ; മറുപടി എത്രകാലം തരാതിരുന്നാലും അത് നടപ്പാക്കാതിരിക്കാനാണോ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. കെ. രാഘവൻ: 19-1-1979-ൽ ആണ് ഡ്രാഫ്റ്റ് നോട്ടിഫി ക്കേഷൻ നടത്തിയത്. അതിനുശേഷം മിനിമംവേജസ് അഡ്വൈസറി കമ്മിറ്റിക്ക് കൊടുത്തത് മേയ് മാസത്തിലാണ്. മേയ് മാസത്തിൽ അവർക്ക് കൊടുത്തപ്പോൾ കാലാവധി കഴിഞ്ഞിരിക്കുന്നു അതുകൊണ്ട് അവർ കൈകാര്യം ചെയ്യുകയില്ലെന്ന ഒരു നിലപാട് സ്വീകരിച്ചതുകൊണ്ട് മൂന്നുമാസത്തെ താമസം വന്നു. രണ്ടാമത് റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത് ഏട്ടാം മാസത്തിലാണ്. അതിനു ശേഷമാണ് അവരുടെ പരിഗണനയിലിരിക്കുന്നത്.

ശ്രീ. പി. ബി. ആർ. പിള്ള: മിനിമംവേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് 28-12-1977-ൽ ഗവൺമെൻറിന് കിട്ടിയെന്നും 1-9-1979-ൽ ആണ് അഡ്വൈസറി ബോർഡിനു അയച്ചുകൊടുത്തതെന്നും മന്ത്രിയുടെ പ്രസ്താവനയിൽനിന്നും മനസ്സിലായി. ഗവൺമെൻറിനു കിട്ടിയ റിപ്പോർട്ട് പരിശോധിച്ചശേഷം ബോർഡിനു അയച്ചുകൊടുക്കുന്നതിനു രണ്ടുവർഷമെടുത്തു. ഈ നിയമം നടപ്പാക്കാൻ കാലതാമസവും ബുദ്ധി മുട്ടും ഉണ്ടാകുമെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് ഗവൺ മെൻറിന് കിട്ടിയ കമ്മിറ്റിയുടെ റിപ്പോർട്ടിൻെറ പശ്ചാത്തലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് ആശുപത്രിയിലെ ജീവനക്കാരെ മാത്രം ബാധിക്കുന്ന ഒരു പുതിയ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് ശരിയായ നടപടിയായിട്ട് ഞാൻ കണക്കാക്കുന്നില്ല. ഇതുതന്നെ വേഗത്തിൽ കൊണ്ടുവന്ന് പ്രയോഗത്തിൽ വരുത്തുകയായിരിക്കും നല്ലതെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം. രണ്ടുകൊല്ലം കാലതാമസമെടുത്തുവെന്ന് പറഞ്ഞു. 28-12-1977-ൽ ആണ് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയത്. അഡ്വൈസറി ബോർഡിനു അയച്ചു കൊടുത്തത് 1-9-1979-ൽ ആണ്. രണ്ടുകൊല്ലം കാലതാമസം വന്നുവെന്നു പറയുന്നത് എങ്ങനെയാണെന്നു എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. പി. ആർ. ശിവൻ: മിനിമംവേതനം നടപ്പാക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച് അവർക്ക് ഇടക്കാലാശ്വാസം കൊടുക്കാൻ സഹകാര്യ ആശുപത്രിയിലെ ഉടമസ്ഥൻമാരെ പ്രേരിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: പ്രേരിപ്പിക്കലൊക്കെ പറയാമെന്നല്ലാതെ അതുകൊണ്ട് പ്രയോജനമുണ്ടാവുകയില്ല. പ്രയോജനമുണ്ടാകണമെങ്കിൽ നിയമം ഉണ്ടാകണം. നിയമം ഉണ്ടാക്കിയാൽതന്നെ അത് അനുസരിക്കാൻ തൊഴിലുടമകൾ തയ്യാറാകുന്നില്ലെന്നുള്ള കാര്യം എന്റെ സ്നേഹിതൻമാർക്ക് അറിയാമെന്ന് വിശ്വസിക്കുന്നു.

ശിരുവാണി പ്രോജക്ട് സി. എൽ. ആർ. തൊഴിലാളികളുടെ മെമ്മോറാണ്ടം

*161[174] ശ്രീ. പി. കരുണാകരൻ:

,, എം. കെ. കൃഷ്ണൻ:

,, എം. വി. രാഘവൻ:

,, ടി. കെ. രാമകൃഷ്ണൻ:

,, പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി പ്രോജക്ടിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സി. എൽ. ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) പ്രതിവർഷം 240 ദിവസം ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ ഈ വ്യവസ്ഥപ്രകാരം ശിരുവാണി പ്രോജക്ടിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly